# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 162 | 28.10.2019-ൽ മറുപടിക്ക്

## കെ.എം.ബഷീറിന്റെ മരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ ആഗസ്റ്റ് മാസം തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകൻ കെ.എം.ബഷീർ വാഹനമിടിച്ച് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) ബഷീറിനെ ഇടിച്ച കാർ ഓടിച്ചിരുന്ന ശ്രീറാം വെങ്കിട്ടരാമൻ മദ്യപിച്ചിരുന്നതായി ദൃക് സാക്ഷികളും സഹയാത്രികയും മൊഴി നൽകുകയുണ്ടായോ; | (ബി) ദൃക്സാക്ഷികളുടെ മൊഴികൾ ഉൾപ്പെടെയുള്ള തെളിവുകൾ ശേഖരിച്ചിട്ടുണ്ട് |
| (സി) അപകട ശേഷം ജനറൽ ആശുപത്രിയിലെത്തിയ ശ്രീറാമിനെ മദ്യം മണക്കുന്നതായി ഡ്യൂട്ടി ഡോക്ടർ ഒ.പി.ടിക്കറ്റിൽ കുറിക്കുകയുണ്ടായോ; | (സി) മെഡിക്കൽ സർട്ടിഫിക്കറ്റിൽ കുറിച്ചിട്ടുണ്ട്. |
| (ഡി) പിന്നീട് മെഡിക്കൽ കോളേജിലേക്ക് ഇദ്ദേഹത്തെ റഫർ ചെയ്തെങ്കിലും പോയത് സ്വകാര്യ ആശുപത്രിയിലേക്കായിരുന്നു എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ഡി) പരിശോധിച്ചിട്ടുണ്ട്. |
| (ഇ) സ്വകാര്യ ആശുപത്രിയിൽ വെച്ച് ഡോക്ടർമാരുടെ സഹായത്തോടെ മദ്യപിച്ചതിന്റെ തെളിവ് നശിപ്പിക്കാൻ ഇദ്ദേഹം ശ്രമിച്ചതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (ഇ) റിപ്പോർട്ടുകൾ പരിശോധിച്ച് വരുന്നു. |
| (എഫ്) സംഭവം നടന്നിട്ട് ഏതാണ്ട് പത്ത് മണിക്കൂറിനു ശേഷമാണ് ഇദ്ദേഹത്തിന്റെ രക്ത സാമ്പിൾ പരിശോധനയ്ക്കായി എടുത്തതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കൂടാതെ കേസിൽ | (എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്യം നടന്ന റോഡിലെ ട്രാഫിക് ബ്ലോക്ക് ഒഴിവാക്കാനായി കൃത്യത്തിൽ ഉൾപ്പെട്ട കാറിനെ പോലീസ് റിക്കവറി വാൻ ഉപയോഗിച്ച്, മ്യൂസിയം പോലീസ് സ്റ്റേഷൻ |

| | | | |
|---|---|---|---|
| | തെളിവായി മാറേണ്ട അപകടത്തിൽപ്പെട്ട വാഹനങ്ങൾ ഫോറൻസിക് പരിശോധനയ്ക്ക് മുമ്പ് റിക്കവറി വാഹനമുപയോഗിച്ച് പോലീസ് സഹായത്തോടെ അവിടെ നിന്നും മാറ്റുകയുണ്ടായോ; | | പരിസരത്തേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (ജി) | രാത്രി ഒരു മണിയോടെ നടന്ന സംഭവം പോലിസിന്റെ എഫ്. ഐ.ആർ.-ൽ രേഖപ്പെടുത്തിയത് രാവിലെ 7.17 മണിക്ക് എന്നാണോ;പ്രതിയെ രക്ഷപ്പെടുത്താൻ പോലീസ് ബോധപൂർവ്വം നടത്തിയ നീക്കങ്ങളാണ് ഇതൊക്കെ എന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ജി) | എഫ്.ഐ.ആറിൽ സംഭവം നടന്നത് 03.08.2019 വെളുപ്പിന് ഒരു മണിക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കാര്യങ്ങളും അന്വേഷിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ